ഉത്തരം

(എ) ഇൻവെസ്റ്റിഗേഷൻ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്.

(ബി) ഉണ്ട്. 4,66,500 രൂപയാണ് മതിപ്പുചെലവ്.

(സി) ഇത് ഏഴാം പഞ്ചവത്സര പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലമാറ്റം

22 [2436] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3 വർഷത്തിലധികം ഒരു സ്ഥലത്ത് സർക്കാർ ജീവനക്കാരെ ജോലി ചെയ്യാൻ അനുവദിക്കരുതെന്ന് ഗവൺമെൻറ് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം പഞ്ചായത്ത് വകുപ്പിൽ പാലിക്കുന്നില്ല എന്ന പരാതിയെപ്പറ്റി അന്വേഷിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ 3 വർഷത്തിലധികം ഒരു സ്ഥലത്ത് ഒരു തസ്തികയിൽ തന്നെ തുടർച്ചയായി ജോലി ചെയ്യുന്ന എത്ര എക്സിക്യൂട്ടീവ് ഓഫീസർമാരുണ്ട്; എത്ര മറ്റു പഞ്ചായത്ത് ജീവനക്കാരുണ്ട്;

(ഡി) തൃശ്ശൂർ ജില്ലയിൽ 3 വർഷത്തിലധികം ഒരേ സ്ഥലത്ത് ഒരേ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ മാറ്റി വിവിധ പഞ്ചായത്തുകളിൽ നിയമനം നൽകാൻ വേണ്ട നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർക്ക് നൽകുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ കുറഞ്ഞത് 3 വർഷമെങ്കിലും ഒരു ഉദ്യോഗസ്ഥനെ ഒരു സ്ഥലത്തുതന്നെ ജോലി ചെയ്യാൻ അനുവദിക്കണമെന്ന നിർദ്ദേശമുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തൃശ്ശൂർ ജില്ലയിൽ ഓരോ പഞ്ചായത്തിലും 3 വർഷത്തിലധികം കാലമായി ജോലി നോക്കുന്ന എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വിവരങ്ങൾ അനുബന്ധമായി † ചേർത്തിരിക്കുന്നു. മറ്റ് ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ നിർദ്ദേശം നൽകുന്നതാണ്.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly